മഗ്ദലമോഹിനി

ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

മഗ്ദലമോഹിനി

ഖണ്ഡകാവ്യം

ചങ്ങമ്പുഴ കൃഷ്ണപിള്ള

താളിളക്കം

2020

പേര്: **മഗ്ദലമോഹിനി**

ഭാഷ മലയാളം

വിഭാഗം: ഖണ്ഡകാവ്യം

രചന: ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

മഗ്ദലമോഹിനി - ഖണ്ഡകാവ്യം

ചങ്ങമ്പുഴ കൃഷ്ണപിള്ള

ഒന്നാം ഭാഗം

മഗ്ദല, മഗ്ദല, മാദകദാഹങ്ങൾ
മത്തടിച്ചാർക്കുന്ന മദ്യശാല-
മഗ്ദല മഗ്ദല, മായികമോഹങ്ങൾ
മത്സരിച്ചാടുന്ന നൃത്തശാല-
മാനവപ്രജ്ഞയെ കിക്കിളികൂട്ടുന്ന
മാഹേന്ദ്രജാലമൊന്നുണ്ടവിടെ,
മാനസം തന്നിലണച്ചു മദിക്കുന്ന
മായാമരാളിയൊന്നുണ്ടവിടെ,
വിശ്വഗണനയ്ക്കു മറ്റൊരുമട്ടിലും
വിത്തുപാകാത്തൊരശ്ശൂന്യരംഗം!
അറ്റമില്ലാതെഴും പേരും പെരുമയു-
മൊറ്റത്തടിൽക്കൊടി ചൂടിനേടി.

മഗ്ദല, മഗ്ദല, മേരിയെപ്പെറ്റൊരാ-
മഗ്ദല, മന്നിന്റെ മുത്തുമാല!
വിശ്വശൃംഗാരം മുഴുവനൾച്ചേർന്നൊരു
വിദ്രുമവല്ലരി പൂത്തുനിൽക്കേ
തേനും സുഗന്ധവുമേകുവാനെപ്പൊഴു-
മാനന്ദപൂർവ്വമൊരുങ്ങി നിൽക്കേ
അത്ഭുതമെന്തുണ്ടിരുണ്ടെഴും വ്യാമോഹ-
മദ്ദിക്കിലൊന്നു ചേർന്നാർത്തണഞ്ഞാൽ?
മേരിയി,ലല്ലെങ്കിൽ, മാന്മഥമാസ്മര-
ഭേരിയിൽ മത്തുപിടിച്ച ലോകം
മത്സരിക്കുന്നു സലര്യകൾക്കെത്തിയാ-
മഗ്ദലമോഹിനിതൻ പദത്തിൽ!

കട്ടിപ്പൊൻ ചങ്ങലത്തുമ്പത്തു തൂങ്ങും പൊൻ-
കട്ടിലിൽ, പട്ടുകിടക്കയിന്മേൽ,
ചെണ്ടും ചെടികളും തുന്നിപ്പിടിപ്പിച്ചു

കണ്ടാൽക്കൊതിക്കും തലയണകൾ
ചേലിൽത്തലയ്ക്കലും കാൽക്കലും പാർശ്വത്തിൽ
പോലും യഥോചിതം ചേർന്നിണങ്ങി.
താരകപ്പുള്ളികൾ മിന്നുന്ന മേലാപ്പിൻ
താഴെത്തിരകൾപോൽ നാലുവക്കിൽ
നീലനീരാളഞ്ഞെറികളിൽ നീളെക്കൊ-
ച്ചാലിലപ്പൊൻകുണുക്കാടിയാടി;
ചട്ടറ്റ കാഞ്ചനഗാളങ്ങൾപോൽ രസ-
ക്കട്ടകൾ തൂങ്ങിത്തിളങ്ങിമിന്നി
ചുറ്റുമുയരെച്ചുമരിലൊരേ വരി-
യ്ക്കൊപ്പം വിടവിട്ടണിയണിയായ്
ഫുല്ലസുഷമയാർന്നുല്ലസിച്ചീടുമ-
ച്ചില്ലണിച്ചിത്രാവലിക്കുകീഴിൽ
കണ്ണഞ്ചും കാന്തികലർന്നെഴും വാർനില-
ക്കണ്ണാടി നീളെ നിരന്നുമിന്നി.
ചിത്രാങ്കിതോജ്ജ്വലകംബളാലംകൃത-
സ്നിഗ്ദ്ധസ്ഫടികത്തറയിലെല്ലാം
മുത്തണിപ്പട്ടുവലത്തിരച്ചുറ്റിലും
തത്തും ശരറാന്തലിങ്കൽനിന്നും
സ്വർണ്ണാംശുമാലകളൂർന്നൂർന്നുതിർന്നോരോ-
വർണ്ണപ്പകിട്ടുകൾ വാർന്നുലാവി;
ആ ദർപ്പണങ്ങളിലൊപ്പമതൊക്കെയോ-
ത്തായിരം രംഗങ്ങളായി മാറി.
ബന്ധുരമാകുമാക്കേളിയറയൊരു
ഗന്ധർവ്വലോകം തുറന്നു കാട്ടി.

വിഭ്രമദായിനിയായൊരച്ചഞ്ചല-
വിദ്യോതിനിക്കു വിധേയരായി
വിശ്രമം തേടുന്നിതാ മച്ചിലായിരം
വിശ്രുതവിത്താധിനായകന്മാർ.
വിസ്മയ,മാണവൾ കൺമുനക്കോണിനാൽ
വിശ്വം മുഴുവനും കീഴടക്കി
സേവിച്ചുനിൽപായി സൗഭാഗ്യപൂർത്തികൾ

ആ വരവർണ്ണിനിനിതന്നരികിൽ.
ചെറ്റക്കുടിലിൽപ്പിറന്നു വളർന്നൊരു
കറ്റക്കുഴലാൾതൻ കാൽച്ചുവട്ടിൽ
നിസ്തൂപമിന്നിതാ കാവൽകിടക്കയാ-
ണെത്രയോ രത്നസിംഹാസനങ്ങൾ!
ചിന്തിച്ചുനോക്കിയാൽ മന്നിലൊരംഗന-
യ്ക്കെന്തുണ്ടിതിൽപ്പരം ഭാഗധേയം!

അന്തിയപ്പൂനണിമേടയി,ലുല്ലസൽ-
ച്ചെന്താരിതളൊളിവീശിനിൽക്കേ;
അഭ്രരംഗത്തുനിന്നൂർന്നുവീണിടിനോ-
രപ്സരസ്സെന്നപോലേകയായി;
നീളെച്ചുരുളലച്ചാർത്തുലഞ്ഞീടുമാ-
നീലക്കാർകുന്തലും മാടിമാടി;
സ്വർണ്ണവർണ്ണാംഗിയാണെങ്കിലും, പിന്നെയും
പൊന്നിൽക്കുളിച്ചു മദാലസയായ്;
നിത്യവും കാണാമജ്ജാലകപാർശ്വത്തിൽ
നിൽപ്പതാ വിശ്വവിലാസിനിയെ.
’എങ്ങുലകിലിതിലീദൃശ്യസൗന്ദര്യ?’-
മെന്നു ചോദിച്ചുകൊണ്ടെന്നപോലെ!
ഒന്നുകാണുവാനൊത്താ,ലൊരിക്കലും
പിന്നെ മറക്കില്ല സ്വപ്നചിത്രം!

കാമദനൃത്തങ്ങളാടിയും, പാടിയും
കാലം കഴിക്കുമാക്കാമിനിയെ,
മെല്ലെത്തഴുകിത്തഴുകിസ്സുഖിപ്പിച്ചു
നല്ലകാലത്തിൻ കരാംഗുലികൾ!

തെല്ലുനാൾക്കുള്ളി,ലൊരാത്മസുഷുപ്തിയിൽ
നിർല്ലീനയായിതപ്പല്ലവാംഗി.
കണ്ടിതവളതിൽ ഭൗതികസ്വപ്നങ്ങൾ
ചെണ്ടിട്ടുനിൽക്കുന്ന മണ്ഡലങ്ങൾ.
ഭോഗമരന്ദം തുളുമ്പിത്രസിക്കുമ-

ബ്ഭാഗധേയത്തിൻ വിശാലതയിൽ.
മത്തുപിടിച്ചു ചിറകടിച്ചാക്കൊച്ചു-
ചിത്രപതംഗി പറന്നലഞ്ഞു!

ഓരോദിനവുമവൾക്കൊരജ്ഞാതമാ-
മോടക്കുഴലിളിയായിരുന്നു!
നിത്യ, മാസ്വാദന, മുത്സവ, മുന്മദം,
നിസ്തുലോല്ലാസം, മധുരമദ്യം;
നർത്തനം, ഗാനം!-ജഗത്തി,ലിതിൽപര-
മുത്തേജനത്തിനൊന്നെന്തുവേണം?

താനേ മതിമറ,ന്നേന്തിത്തുളുമ്പുന്നൊ-
രാനന്ദകല്ലോലമാലകളിൽ,
ദിക്കാലചിന്തയും ലക്ഷ്യവുമ, റ്റേവ-
മക്കളിത്തോണി തളർന്നോഴുകി!

രണ്ടാം ഭാഗം

ജഗദീശചൈതന്യം മൂർത്തിമത്തായ്
ജറുസലമേന്തിയ ദിവ്യദീപം,
കപടാന്ധകാരത്തിലാകമാനം
കതിർവാരിവീശിനിന്നുജ്ജ്വലിക്കേ;
നിരുപിച്ചിരിക്കാതൊരത്ഭുതമാം
നിരുപമചൈതന്യം പുൽകിലോകം
ഒരുഞൊടികൊണ്ടതിൻ ലൗകികത്വം
കുരുടനു കാഴ്ച കൊടുത്തുപോലും!
അവശബധിരനതിങ്കൽനിന്നും
ശ്രുവണപ്രവണത കിട്ടിപോലും!
തടവില്ലപോലതിൻശക്തിമൂലം
കടലലച്ചാർത്തിൽ നടന്നുപോകാൻ!
മൃതരതിൻ സ്പർശനമാത്രയിങ്കൽ
പുതുജീവൻ സിദ്ധിച്ചുയർന്നിടുമ്പോൾ!
തൊട്ടുകയാൽ കേവലം പച്ചവെള്ളം
തുടുമുന്തിരിച്ചാറായ് മാറിപോലും!

ഇതുവരെക്കേട്ടിട്ടില്ലിക്ഷിതിയി-
ലിതുപോലൊരത്ഭുതവാർത്തയെങ്ങും!-

"പലതും, പലരും, പറഞ്ഞുകേൾപ്പൂ
പരമാർത്ഥമെന്താണെന്നാരുകണ്ടു?"
'ശരിതന്നെ, പക്ഷെ, പരീശരേ, ഞാ-
നൊരുവാക്കിടയ്ക്കൊന്നു ചോദിച്ചോട്ടെ!'
മൃദുമർമ്മരത്തിലൂടോതിയേവം
ബദൽഹേമിൽനിന്നെത്തും ശീതവാതം:
പലരും പലതും പറവൂ-പക്ഷേ,
പതിരുകളാണവയെന്നിരിക്കിൽ,
മതതത്ത്വസംഹിതാസംഹതിയി-
ലെതിരറ്റ പാണ്ഡിത്യമാർന്ന നിങ്ങൾ
പരിഭവഭാവത്തിലിത്രമാത്ര-
മെരിപൊരിക്കൊള്ളുവാനെന്തുബന്ധം? ...

"ശകലവും ശങ്കവേണ്ടിക്കഥകൾ
സകലവും ശപ്തമാമാഭിചാരം!-
കുരിശിൽ തറച്ചു തുലച്ചിടേണ്ടും
കുടിലതമുറ്റിയ കൂടപത്രം! ..."

ക്ഷിതിയിൽ, സ്വാർത്ഥതേ, നിൻവെളിപാ-
ടതു,മതിൻ മീതെയു, മാചരിക്കും!'

വിരവിൽക്കുളിർകാറ്റിതോതിയപ്പോൾ
വിറകൊണ്ടു നിന്നുപോയ് പച്ചിലകൾ!

ചതിതന്നെ-സർവ്വവും കൂടപത്രം-
ചകിതന്മാർ, പക്ഷേ, പരീശർ മാത്രം!
അയുതായുതാബ്ദങ്ങൾക്കപ്പുറം തൊ-
ട്ടണുപോലും ചാഞ്ചല്യമേശിടാതെ,
ബലിപീഠത്തിന്മേലധിഷ്ഠിതമായ്
പുളയും യഹൂദപുരോഹിതത്വം,

ഭരിതശക്ത്യാധിപത്യാഭിഗുപ്തം
സ്ഫുരിതപ്രഭാവസ്ഫുലിംഗദീപ്തം;
പതികയോ പെട്ടെന്നതിൻഫണത്തിൽ
പഥികഹതകഹസ്താശ്മപാതം!
കുരുതിക്കളത്തിൽ തലമുറയായ്-
ക്കുലധനം പൂത്തു പൂത്തുല്ലസിക്കേ;
അതിനെഴും ശ്യാമളച്ഛായകളി-
ലതുലാത്മസംതൃപ്തരായ് സുഖിക്കേ;
അവിടെന്നെണീറ്റവർ പോകണമ്പോ-
ലഭിനവാദർശമരുപ്പരപ്പിൽ!
സിനഗാഗിൻ വെണ്മയിൽ ചേററിയാൻ
തുനികയോ വിപ്ലവക്ഷുദ്രഹസ്തം!-

അതുപോട്ടെ, കേവലം ഭ്രാന്തനമു-
ണ്ടതി, രതുംപോ,ട്ടൊരാൾ ഭ്രാന്തനായാൽ,
തൊഴുകൈയുമായിട്ടവന്റെ പിൻപേ
തൊഴിലൊന്നുമില്ലാത്ത മൂഢവർഗ്ഗം!
അവതാരമാണെന്നു വാഴ്ത്തി-
യനുഗമിച്ചീടുന്നതാണു കഷ്ടം!
സഭകൂടിയേവം പഴികളോതി
ക്ഷുഭിതരായ് മേവി പരീശവർഗ്ഗം!

"പരിശുദ്ധസ്നേഹത്താൽ പാപികളെ-
പ്പരിചരിച്ചീടുവിൻ സോദരരേ!
കരുതല്ലേ ചെയ്യുവാൻ പാപകർമ്മം,
കരളിൽ കളങ്കം കലർന്നീടൊല്ലേ!
തടിപോൽത്തിമിരമോ കാമിലയോ
തവ മിഴിയിങ്കൽത്തഴച്ചുനിൽക്കേ,
കരടൊന്നവൻ കണ്ണിൽ കാൺകവേ നീ
കരുതുന്നോ ചൂണ്ടിപ്പരിഹസിക്കാൻ!
സകലവും തിന്മതൻ സങ്കേതങ്ങൾ
സകലവും ഹാ! സർപ്പസന്തതികൾ;
സതതം സദുക്തികൾ പെയ്തിടുവാൻ

ഹതർ നിങ്ങൾക്കെങ്ങനെ സാദ്ധ്യമാകും?
ഹൃദയസമൃദ്ധിയിൽനിന്നുമാണോ
വദനം, വദിപ്പതറിഞ്ഞുകൊൾവിൻ!
നിജചിത്തസമ്പത്തിൽനിന്നു ധന്യൻ
നിരുപമരത്നങ്ങളാനയിപ്പൂ;
നിജചിത്തനിക്ഷേപത്തിങ്കൽനിന്നും
നിയതം, ഹാ, നീചനോ, കക്കകളും!
പറയുന്നു ഞാൻ നിങ്ങളോടു, നിങ്ങൾ
പറയുന്ന വാക്കൊന്നും പാഴിലാകാ.
അവയെല്ലാമീശൻ കുറിച്ചുവെയ്ക്കും
അവസാനം നിങ്ങളെ വിസ്തരിക്കും.
വിടുകയില്ലിങ്ങുച്ചരിക്കുമോരോ
വിടുവാക്കിനും ന്യായമോതിടാതെ.
പിഴവരില്ലദ്ദേഹം നാൾവഴിയി-
ലെഴുതിയിട്ടമട്ടിൽക്കണക്കു തീർക്കും.
മൊഴിയാണു കാര്യമക്കൽപനയിൽ
പിഴപറ്റിയോർക്കു പിഴവിധിക്കും!
ഭുവി ഞാൻ പൊഴിക്കും വചസ്സിതെല്ലാം
ചെവിയുള്ളോരാരവർ കേട്ടിടട്ടേ!
ഇയലുവോരാ,രവർക്കേകുമേറ്റ
മിയലാത്തോർക്കുള്ളതും കൊണ്ടുപോകും.
അവനേവൻ ജീവിതം കാത്തുനിൽപോ-
നവനതു നിശ്ചയം നഷ്ടമാകും.
ഇവനായിട്ടാരതു സന്ത്യജിപ്പോ-
നവനതു പിന്നെയും കണ്ടുകിട്ടും.
ഭുവനം മുഴുവൻ ലഭിക്കിലെന്തു-
ണ്ടവനു തന്നാത്മാവു നഷ്ടമാകിൽ?
പറയുകാത്മാവിനുതുല്യമായി
പകരമേകാനൊരാൾക്കെന്തിരിപ്പൂ?
അവനിയിലേറ്റം വിനീതനാരാ-
ണവനത്രേ നാകത്തിൽ സാർവ്വഭൗമൻ.
ഒരുകുഞ്ഞിനെൻപേരിലാരഭയ-
മരുളു;മവനെന്നെ സ്വീകരിപ്പൂ.

അവഗതമെന്തതിൻ പാലനത്തി-
ന്നവതരിച്ചെത്തീ മനുഷ്യപുത്രൻ!
ഭുവനത്തിൽ നേടുന്നതെന്തു നിങ്ങ-
ളവയെല്ലാം സ്വർഗ്ഗത്തും നേടും നിങ്ങൾ
അവനിയിൽ നഷ്ടപ്പെടുന്നതെന്താ-
ണവയെല്ലാം സ്വർഗ്ഗത്തും നഷ്ടമാകും!
ഇരുവരോ മൂവരോ മന്നിതിലി-
ങ്ങൊരുമിച്ചുചേരുവതെന്റെ പേരിൽ,
അവിടത്തിൽ ഞാനെന്നിൽ വിശ്വസിപ്പോ-
രവർതൻ നടുവിലുണ്ടായിരിക്കും!
അവിതർക്കമീവിധം നല്ലവനെ-
ന്നിവനെ വിളിപ്പതെന്തിന്നു നിങ്ങൾ?
പരമാർത്ഥം ചിന്തിച്ചാലീശനല്ലാ-
തൊരുവനില്ലൽപവും നല്ലവനായ്!
കളവായിസ്സാക്ഷി പറഞ്ഞിടൊല്ലേ
കൊലപാതകം നിങ്ങൾ ചെയ്യരുതേ.
വ്യതിയാനം ധർമ്മത്തിനേകിടൊല്ലേ
വ്യഭിചാരം ചെയ്യാനൊരുങ്ങരുതേ
കനിവാർന്നർച്ചിക്കുവിൻ കൂപ്പുകൈകൾ
ജനകജനിത്രിമാർതൻ കഴലിൽ.
അതുതൊട്ടും ചോരണം, സ്നേഹപൂർവ-
മയൽവാസിക്കാശ്രയമേകിടേണം!
ഇടതുചെവിട്ടത്തൊരാളടിക്കി-
ലുടനാ വലത്തേതുമേകിയേക്കിൻ.
ധനികനൊരിക്കലും സാദ്ധ്യമാകി-
ല്ലണയുവാൻ സ്വർഗ്ഗത്തി,ലോർത്തുകൊൾവിൻ!
അവർ ദരിദ്രന്മാരനുഗഹീത-
രവരുടേതാണീശ്വരന്റെ രാജ്യം.
ക്ഷുധിതന്മാർ ധന്യന്മാർ, ദിവ്യഭോജ്യം
വിധിപോലവർക്കു കരസ്ഥമാകും.
കരയുവോരോർക്കിലനുഗ്രഹീതർ
കരളിലവർക്കേകും ശാന്തി ദൈവം!”

ഹൃദയങ്ങൾ തോറുമിദ്ദിവ്യസൂക്തം
മൃദുതരംഗങ്ങളണിഞ്ഞൊഴുകി.
അരിയ താബോർമലത്താഴ്വരയി-
ലരുവികൾപോലുമതേറ്റുപാടി.
അതു കേൾക്കെച്ചുറ്റുമത്തൈച്ചെടിക-
ളടിമുടി പൂവിട്ടു നിന്നുപോയി! ...

"കനകനക്ഷത്രത്തിരി കൊളുത്തി
ക്കണികാണാനീശനങ്ങെത്തിനോക്കി,
അവിടെയാക്കാലിത്തൊഴുത്തിലല്ലി-
ലവതാരമാർന്നൊരാ ലാകഭാഗ്യം,
നിരുപമനിസ്വാർത്ഥസ്നേഹസാര-
മുറവെടുത്തെത്തിയ പുണ്യപുഞ്ജം
എതിരേവരികി,ലേതുണ്ടുലകി-
നതിനോടെതിർക്കാനൊരാത്മഗർവ്വം?
വിഫലം പരീശരേ, നിങ്ങൾചെയ്യും
വിവിധവിഷാവലിപ്തോദ്യമങ്ങൾ!
വരുമെത്ര നിങ്ങൾ തടയുകിലും
നിരഘമാ സ്വർഗ്ഗപിതാവിൻ രാജ്യം!"

ചില വെള്ളപ്രാവുകളേവമോതി-
ച്ചിറകടിച്ചെങ്ങോ പറന്നുപോയി!

പറയുന്നു ശീമോൻ; "ഞാനൊന്നു പക്ഷേ
പറയാം, സഖാക്കളേ നമ്മളേക്കാൾ
അവതാരമാകിലുമല്ലെന്നാലു-
മവനുണ്ടൊരാത്മീയസിദ്ധിയെന്തോ!"
അപരപുരോഹിതൻ ചൊൽവൂ: "ശീമോ-
നവനോടുണ്ടെന്തോ മമതയെല്ലാം.
പറയുന്നു കേട്ടില്ലേ തുച്ഛനാക്കും
വെറുമൊരാശാരിക്കു സിദ്ധിപോലും!"
"ശരിതന്നെ," ശീമോൻ മൃദുസ്മിതമു-
ണ്ടരുളി, "പക്ഷേ നാമിതോർത്തിടേണം:

കുളിരൊളിതാവിച്ചിരിച്ചു നില്‍ക്കും
കുസുമത്തിനൊക്കെസ്സുഗന്ധമില്ല.
കഴുകനുയരെച്ചിറകടിച്ചു
കഴിയും പറക്കാന്‍ സുരപഥത്തില്‍;
അതിനെന്നാലാപ്പൂങ്കുയിലിനെപ്പോല്‍
മതിമറ,ന്നോക്കില്ല, പാട്ടുപാടാന്‍!
സിതമേഘമാലയ്ക്കിടയിലങ്ങി-
ങ്ങതു വിഹരിക്കിലുമാ മിഴികള്‍,
പതിവതെപ്പോഴുമടിയിലുള്ള
മൃതശരീരങ്ങളിലായിരിക്കും!
പനിമലര്‍ച്ചെമ്പകം നില്‍പതേതോ
പടുകുണ്ടിലെങ്ങാനുമായിരിക്കും!
അതുമൊണ്ടതിന്റെ പരിമളത്തി-
ന്നണുവും പതിത്വം ഭവിപ്പതാണോ?
കുലമേന്മയല്ല പദവിയല്ലീ-
യുലകില്‍ മഹത്വത്തിന്‍ മാനദണ്ഡം.
ഒരുപോല്‍ മനസ്സു, വചസ്സു, കര്‍മ്മം
കറയറ്റതാരവന്‍ വിശ്വവന്ദ്യന്‍!
പരമാത്മചൈതന്യസിദ്ധിയിങ്കല്‍
വെറുമൊരാശാരിക്കും സിദ്ധനാകാം! ....
"ശരിതന്നെ, ശീമോനേ താനും പോകൂ
പുറകേയസിദ്ധന്റെ ശിഷ്യനായി
ഒരു കാര്യമുണ്ടഭ്യസിക്കണം താന്‍
ശരിയായതിനുമുമ്പു മീന്‍പിടിക്കാന്‍!
തലയിലൊരാണിക്കൊരല്‍പമെന്തോ
തകരാറുപറ്റി തനിക്കുമിപ്പോള്‍!"

സരസമായിപ്പരിഹാസം കേള്‍ക്കെ-
സ്സകലരും പൊട്ടിച്ചിരിച്ചുപോയി.
പലവഴിക്കായവര്‍ വേര്‍പിരിഞ്ഞു
പരിതപ്തനായ് ശീമോന്‍ പിന്തിരിഞ്ഞു!

പതികയായ് മംഗലമോഹിനിതന്‍

സ്മൃതിയാ പ്രണയാർദ്രമാനസത്തിൽ.

അകലെ മരതകക്കുന്നുകളി-
ലരുണാഭയല്ലിലലിഞ്ഞുമാഞ്ഞു
കിളരുന്ന താരകൾ വ്യക്തമല്ലാ-
തിളകുന്നൊരാദർശ ചിന്തകൾ പോൽ.

”ശരി, ഞാനവരോടു മാപ്പിരക്കും
പരിഭവിപ്പിക്കില്ല ഞാനവരെ ...”
”പരിഭവിക്കട്ടെ-നീ വിശ്വസിക്കൂ ...”
പതറായ്ക!-താരകൾക്കാഭകൂടി.

അകലെക്കടൽപ്പുറത്തോമലാളിൻ
മികവുറ്റ പൂമ്മണിമേട കാൺമൂ
അഴകാർന്നതിനെയും വെൺകരത്താൽ
തഴുകിനിൽക്കുന്നുവോ താരമേ നീ!
('വ്യതിയാനം ധർമ്മഥിനേകിടൊല്ലേ!')
”ക്ഷിതിയിതിൽ നിൻ ധർമ്മം നീയെന്തുചെയ്തു?”
ഇരുള്മൂടുംതോറും തെളികയാണാ-
സ്സുരപഥദീപങ്ങൾ മേൽക്കുമേലേ!

(വ്യഭിചാരം ചെയ്യാനൊരുങ്ങരുതേ)!
”രഭസം നീയിപ്പോവതെന്തിനായി?”

വിലസുന്ന മദ്ദലമോഹിനിതൻ
സുലളിതശ്രീമയരത്നസൗധം!
കരിയിലമാത്രമതിൽക്കടന്നാൽ
കനലൊളിയാളുമാദർശമെല്ലാം.
അതുലനിർവാണദമായിരിപ്പു-
ണ്ടതിനകത്തുജ്ജ്വലസ്വർഗ്ഗമേകം.
അതിനെ ത്യജിക്കയോ-താരകളേ
മതിമതി, നിങ്ങൾതൻ മന്ദഹാസം!
”മതിയിതാ വീർപ്പുമുട്ടുന്നിതയ്യോ,

മതിയിപ്പരീക്ഷണം തമ്പുരാനേ!"

മുകിലിൻ ഹൃദയം നിലാവിൽമുക്കി
മുകളിൽ ശശിമേഖലയെത്തിനോക്കി,

"സകലതും നോക്കി മനസ്സിലാക്കാം
സമയമാവട്ടെ"-കഥിച്ചു ശീമോൻ.

പ്രണയാർദ്രരംഗങ്ങൾ സജ്ജമാക്കി
മണിമേട മുന്നിൽച്ചിരിച്ചുനിൽപ്പൂ.
മതിയീ വിഷാദാത്മകാത്മഭാവം
മതിമോഹിനിയവൾക്കെന്തു തോന്നും? ...

മൂന്നാം ഭാഗം
എന്തുകഷ്ടമാണിപ്പുരുഷന്മാ-
രെന്തു പാഴ്മരപ്പാവകൾ!
തുള്ളിടുന്നു ഞാൻ കൊട്ടും താളത്തി-
നുള്ളഴിഞ്ഞവരൊന്നുപോൽ!
അക്കയാഫസ്സും, ഹാന്ദ, നന്നാസു-
മൊക്കെയുൽകൃഷ്ടരാണുപോൽ!
വിശ്വവന്ദ്യരായുല്ലസിപ്പവർ
വിത്തനായകന്മാരവർ.
എങ്കിലെന്തവരൊക്കെയും വെറും
കിങ്കരന്മാരാണെന്മുന്നിൽ.
അത്ഭുതബുദ്ധിവൈഭവം വായ്ക്കു-
മപ്പീലാത്തോസുകൂടിയും
ബദ്ധകൗതുകം വാഴ്ത്തുകയാണെൻ
ബുദ്ധിശക്തിതൻ വിസ്മയം!
മേദിനിയിലൊരാളെയിന്നോള-
മാദരിക്കാത്തൊരെന്നിലും
കുത്തിവെയ്ക്കുയാണാദരം, നിജ
വ്യക്തിശക്തിയാലപ്പുമാൻ.
എങ്കിലും ലയിപ്പീല ലേശമി-

ന്നെൻകരളിന്നയാളിലും!

ഇക്കനകാഭിഷേകമില്ലെങ്കി-
ലിക്കിഴടന്മാർക്കൊക്കെയും
പട്ടെതിരാമിക്കൈവിരലൊന്നു
തൊട്ടിടാൻപോലുമൊക്കുമോ?
ഭവ്യദകലാസ്വദനത്തിനും
യൗവനസൗന്ദര്യത്തിനും
നാണയാർപ്പണഹീനമാകിലും
ഞാനധീനയാണെപ്പൊഴും!

സുന്ദരൻ, ഹാ, സുസംസ്കൃതാശയൻ
നിന്ദതീണ്ടാത്ത നിർമ്മലൻ
ശീമോനേകനല്ലാതെ നിൽക്കില്ലെൻ
പ്രേമസാമ്രാജ്യ നാഥനായ്!
എങ്കിലു,മെന്തപ്രേമവും?-വെറും
സങ്കൽപ്പം, മിഥ്യ, കൽപ്പിതം.
രണ്ടുപേർക്കായ് പകുത്തതാണിന്നാ-
ച്ചുണ്ടിലും തഞ്ചും സുസ്മിതം.
ആകട്ടെയെങ്കിലുമക്കരാശ്ലേഷ-
മേകുന്നുണ്ടെനിക്കുന്മദം!
നിന്ദ്യരാമിപ്പരീശരിലൊന്നായ്
നിന്നിടേണ്ടതല്ലമ്മഹാൻ!
ദീനചിന്തയാലീയിടയ്ക്കല്ലം
മ്ളാനമാണാ മുഖാംബുജം!

ദുഷ്ടനാമാക്കയാഫസ്സിൻ മുഖം
ദൃഷ്ടിയിൽപ്പെട്ടും മാത്രയിൽ,
ഹാ, വിരസസ്മൃതികളിൽച്ചെന്നു
മേവിടുന്നു മന്മാനസം.
ഓർപ്പിതപ്പൊഴെൻ വല്ലഭനായ
പാപ്പസിൻ വൃദ്ധവിഗ്രഹം.
കാന്തനെക്കൊന്ന കൈകളിൽ മദ്യ-

മേന്തി,യിന്നു മദിപ്പു ഞാൻ!

പാതിയോളമിതൾ വിരിഞ്ഞന്നു
പാതവക്കിൽ ഞാൻ നിൽക്കവേ,
എത്തിയെന്നെപ്പിഴുതെടുത്തിതാ
വൃദ്ധവിത്താഢ്യവാനരൻ!
തൽപ്രിയപദം കാമ്യമെന്നോർത്തു
കൊറ്റിനില്ലാത്തൊരേഴ ഞാൻ.
എന്തു ലുബ്ധ, നരസികനെത്ര
നൊന്തിരുന്നു മന്മാനസം?

ജന്മസിദ്ധമെൻ നൃത്തകൗതുകം
പൊന്മലർ ചൂടിക്കാണുവാൻ
ഹൃത്തുപൊട്ടിത്തകർന്നു കേണുകേ-
ണെത്രയന്നു കരഞ്ഞു ഞാൻ!
കെഞ്ചി ഞാനന്നിരന്നു;-പുച്ഛിച്ചു
പുഞ്ചിരിക്കൊണ്ടു കശ്മലൻ.
തേവിടിത്തങ്ങളാണുപോലെന്നി-
ന്നിലാവിലാസാദി ചേഷ്ടകൾ!
മിണ്ടിയില്ലൊന്നും, മാറിയെന്മനം
വിണ്ടുവിങ്ങിക്കരഞ്ഞു ഞാൻ!
ആടുവാൻ മേല, പാടുവാൻ മേല,
ചൂടുവാൻ മേല പൂവുകൾ!
നല്ലവസ്ത്രമുടുക്കുവാൻപോലു-
മില്ലിനിക്കയ്യോ സമ്മതം!
ഉണ്ടു സമ്പത്തതീതമാ,യതു-
കൊണ്ടെനിക്കെന്താണന്യ ഞാൻ?
കേവലം നിധി കാത്തിടും ഭൃത-
മാ വയോധികവാനരം!

നാളുകളെണ്ണിപ്പോക്കി ഞാനയ്യോ
നാലു നീണ്ട സംവത്സരം.
അന്നെനിക്കൊരു വെള്ളിനാണയം

തന്നിരുന്നെങ്കിലശ്ശഠൻ,
കണ്ണുവെയ്ക്കുകില്ലായിരുന്നു ഞാൻ
സ്വർണ്ണഭണ്ഡാരമൊന്നിലും!
സ്നേഹസാന്ദ്രമൊരാശ്ലേഷത്തിലെൻ
ദേഹം കോരിത്തരിച്ചെങ്കിൽ
കണ്ണയയ്ക്കുകില്ലായിരുന്നു ഞാ-
നന്നു മറ്റൊരു മർത്ത്യനിൽ!
ഇഷ്ടമുൾച്ചേർന്നാനെൽക്കൊറിയനൊ-
രൊറ്റവാക്കുച്ചരിച്ചെങ്കിൽ,
നിശ്ചലമാക്കില്ലായിരുന്നു ഞാൻ
നിശ്ചയം നിജസ്പന്ദനം.
അത്തുറുങ്കിലടിമയായ്ക്കിട-
ന്നത്രമേൽ നരകിച്ചു ഞാൻ!
മുക്തിയാശിച്ചു വീർപ്പുമുട്ടിയെൻ
മുഗ്ദ്ധചിത്തം ദ്രവിക്കവേ,
ചിത്തമർപ്പിച്ചു ഗൂഢമായ് മുന്നി-
ലെത്തി പാന്ഥേരനെന്നൊരാൾ.
സുന്ദരനവൻ, വിത്തവാൻ, പ്രഭു-
നന്ദനൻ, കലാലോലുപൻ;
ഊഢമോദമവനെയന്നെന്റെ
ഗൂഢകാമുകനാക്കി ഞാൻ.
കണ്ടു ഞാനന്നവനിലെന്മനം
ചെണ്ടിടും ചില സിദ്ധികൾ.
തന്നു-ചോദിച്ചതില്ല ഞാൻ-ധനം
തന്നിതെന്നുമെനിക്കവൻ.
കാത്തുസൂക്ഷിച്ചു ഞാനതെൻ ഭാവി-
യോർത്തു ഗൂഢമായ്, ഭദ്രമായ്!
അസ്സുമുഖന്റെ ചുംബനങ്ങളി-
ലാത്മവിസ്മൃതി തേടി ഞാൻ

ശങ്കതോന്നീ കുറച്ചുനാൾക്കുള്ളിൽ
തൻ കരളിലെൻ കാന്തനും.
തൽക്കലഹകോലാഹലം ജ്വലി-

ച്ചുഗമാവതിനുന്നമേ,
ഒട്ടുമാശങ്കമേ,ലതെന്നേക്കും
കെട്ടടങ്ങണം നിശ്ചയം.
കാമുകോത്തേജനത്തിനാൽ,ച്ചെറ്റു-
മാമയം ചേർന്നിടാതെ, ഞാൻ
കൊന്നു, ഹാ, ഗൂഢമായ് വിഷം കൊട്ടു-
ത്തെന്നെ വേട്ടൊരാ നീചനെ! ....

ആ മിഴികളടവതെന്നേക്കും
കോൾമയിർക്കൊണ്ടു കണ്ടു ഞാൻ
ഓടി ഞാനിരച്ചാർത്തവനെഴു-
മീടുവെയ്പുകൾ കാണുവാൻ.
സ്വർണ്ണനാണ്യങ്ങൾ!-മഞ്ഞളിച്ചുപോയ്
കണ്ണുക,ളാളുമാറി ഞാൻ!
നൃത്ത,മെൻ ജീവദാഹം!-നീ തടു-
ത്തെത്തുകൊന്നിനി പ്രേതമേ!

വാരഞ്ചുന്നൊരസ്വർണ്ണനാണ്യങ്ങൾ
വാരിവാരിയെറിഞ്ഞുടൻ
തൽപ്പതനസ്വനങ്ങളൊപ്പിച്ചു
മൽപ്പദങ്ങൾ ചലിക്കവേ
ചത്തുനീലിച്ചു മെത്തയിലെഴു-
മജ്ജഡത്തിനു ചുറ്റുമായ്
നിദ്രചെയ്യാതിടാതന്നു രാത്രിയിൽ
നൃത്തമാടിക്കഴിച്ചു ഞാൻ!
കോട്ടമറ്റാപ്പിണത്തിനെ നോക്കി-
പ്പാട്ടുപാടിസ്സുഖിച്ചു ഞാൻ!
ഭ്രാന്തിയെപ്പോൽ വികാരവീചിയിൽ
നീന്തിനീന്തിച്ചരിച്ചു ഞാൻ!
പ്രേതപാർശ്വത്തിൻ കാമുകാങ്കത്തിൽ
പ്രീതിപൂർവ്വം ശയിച്ചു ഞാൻ!
എന്തൊരാനന്ദരാത്രി!-യിന്നതിൻ
ചിന്തപോലുമെന്തുത്സവം! ...

ശണ്ഠയറ്റു പാന്ദേരനൊന്നിച്ചു
രണ്ടുവർഷം രമിച്ചു ഞാൻ.
അപ്പൊഴേയ്ക്കും മനസ്സിലായെനി-
ക്കപ്പുഴുവിൻ കുറവുകൾ.
നാലുകുഞ്ഞുങ്ങൾക്കച്ഛനാണവൻ
നാണമറ്റവൻ സ്ത്രീജിതൻ,
ഇല്ല പൗരുഷം കാമകോടിയിൽ
തുള്ളിട്ടും വെറും കോമരം.
നിത്യമർപ്പിപ്പതുണ്ടവൻ നിജ-
വിത്തമെൻ കാൽക്കലാദരാൽ
അശ്ശരീരം മടുത്തി, തന്യമാ-
മുത്സവത്തിനുഴറി ഞാൻ.
'ഒന്നു ഞങ്ങളു'മെന്നിരക്കുന്ന
കൺമുനകൾ തുടർച്ചയായ്
'കൺമണി'യെന്നായോമനിക്കുന്ന
കൺമുനകൾ തുടർച്ചയായ്
എന്നെവന്നുതഴുകി-സുസ്മിതം
വന്നുപോയെൻ ചൊടികളിൽ.
ചിത്രകാരന്മാർ, കാവ്യകർത്താക്കൾ,
നർത്തകന്മാർ, പുരോഹിതർ
മന്ത്രിമാർ, നിയനജ്ഞ,രാ രാജ്യ-
തന്ത്രകോവിദരിങ്ങനെ
എത്രപേരുണ്ടെനിക്കു ദാസരാ-
യെത്തുവാനൊന്നു മൂളിയാൽ
നന്ദിക്കുമതിരുണ്ടി, നിയെന്റെ
മന്ദിരമതിൽ നാഥ ഞാൻ.
ശണ്ഠകൂടിയെൻ കാമുകൻ പിന്നെ
കുണ്ഠിതം തോന്നിയില്ല മേ.
വിത്തമൊക്കെയെൻ കൈയിലായ് മുന്നിൽ
വിസ്തൃതവിശ്വം കാൺമു ഞാൻ;
ചെയ്തു ഞാൻ ഗളഹസ്തം, മശ്രുക്കൾ
പെയ്താ ബാധയും വിട്ടുപോയ്!

എന്തൊരാശ്വാസം ജീവിതത്തിന്റെ
മുന്തിരിച്ചാറിനർഹ ഞാൻ! ....

എത്ര കാമുകരെത്ര കാമുകർ
വിത്തനായകർ വിശ്രുതർ.
ഗർവഹീനരെല്ലാരുമെന്മുന്നിൽ
സർവതന്ത്രസ്വതന്ത്ര ഞാൻ.
മദ്യം, ഹാ, ഗാനം, നർത്തനം കാമം
മത്തടിക്കുന്ന യൗവനം.
പുഷ്പസൗരഭ്യദ്രവ്യം, രാലക-
ലെപ്പൊഴും ചുറ്റും സൗരഭം.
രത്നഹർമ്മ്യമസീമമാം ധനം
സ്വപ്നസാന്ദ്രമിജ്ജീവിതം!
പോരപോരെനിക്കീ മദോത്സവ-
ധാരയിൽ മുങ്ങി നീന്തണം.
ചുംബനം ചെയ്തുചെയ്തു മൽത്തളിർ-
ച്ചുണ്ടുരണ്ടും തളരണം.
കാമുകാശ്ലേഷവീചിയേറ്റേറ്റു
മാമകമെയ് കുഴയണം.
വിത്തസൗഭാഗ്യസീമയിൽച്ചെന്നെൻ
ഹൃത്തുമൂർച്ഛിച്ചടിയണം.
മേരിതൻ നാമം ഭൗതികോത്സവ-
സാരപര്യായമാവണം.
ഉജ്ജ്വലാംഗനാസൗഭഗശ്രീതൻ
പൊല്ജ്ജയക്കൊടിയാവണം! ....

അപ്പരീശന്മാർ നിത്യമോതിടു-
മപ്പരാതികൾ കേൾക്കിലും
നേരിലിന്നോളമക്കഥ ചെറ്റും
സാരമാക്കിയതില്ല ഞാൻ.
ചൊല്ലുക പതിവാണവരേവം
പൊള്ളയാമോരോരോ വാർത്തകൾ.
ആ വിടുവായന്മാരരുളുന്ന-

താരു ഗൗനിക്കുമല്ലെങ്കിൽ.
അത്തരക്കാരനല്ലല്ലോ ശീമോ-
നല്പമുണ്ടതിൽ ഗൗരവം.
ഇന്നലെവന്നു ചൊന്നതൊക്കെയു-
മൊന്നൊഴിയാതിന്നോർപ്പു ഞാൻ.
ശ്രദ്ധവെച്ചു ഞാൻ കേട്ടിരുന്നിതെൻ
ഹൃത്തു മേന്മേൽത്തുടിക്കിലും.

ക്രിസ്തു-കോൾമയിർക്കൊൾവിതെൻപ്രാണ-
നപ്പദോച്ചാരണത്തിലും.
എന്തു ശക്തിയോ!-താന്തമാവിതെ-
ന്നന്തരംഗമാച്ചിന്തയിൽ!
ആ മുഖം പരിവേഷരഞ്ജിത
ശ്രീമയോജ്ജ്വലമാണുപോൽ!
അബ്ധിയെപ്പോലഗാധമാണു പോ-
ലപ്പവിത്രാർദ്രമാനസം!
അദ്രിയെപ്പോലചഞ്ചലൻപോലും
ഭദ്രഗംഭീരനപ്പുമാൻ
അത്ഭുതകർമ്മകാരനാണുപോ-
ലപ്രതിമനമാണുപോൽ,
യേശുവെന്നാണു പേരുപോൽ,ജഗ-
ദീശനന്ദനനാണുപോൽ!
മോഹദൂരിതനാണുപോൽ, ശുദ്ധ-
സ്നേഹവിഗ്രഹനാണുപോൽ!
ലോകപാപമകറ്റിടും ദിവ്യ-
ത്യാഗചൈതന്യമാണുപോൽ!

പ്രാണഹർഷദമാ മുഖസ്മിതം
കാണുവാനായ് കൊതിപ്പു ഞാൻ.
എന്തിനീവെറും ശുഷ്കവൈരാഗ്യം
ഹന്തയീ മേരിയുള്ളനാൾ?
ഒക്കമീത്തളിർച്ചുണ്ടിനീ മന്നിൽ
സ്വർഗ്ഗരാജ്യമണയ്ക്കുവാൻ.

ഒട്ടകപ്പുറമേറിയാത്രചെയ്-
തൊട്ടവിട്ടുന്നുഴന്നുവോ?
വന്നിടുകിങ്ങെൻ പൃഷ്ഠതൽപകം
തന്നിടും സുഖവിശ്രമം! ....

പട്ടുമെത്തയിൽച്ചാരി, യാച്ചുണ്ടിൽ
മൊട്ടിടും പുഞ്ചിരിയുമായ്,
നല്ലമുന്തിരിച്ചാറിടയ്ക്കിടെ
മെല്ലെയങ്ങു നുകരവേ;
അത്തറിൻ സുഗന്ധാർദ്രവീചിക-
ളെത്തിയെത്തിത്തഴുകവേ;
മുന്നിലുജ്ജ്വലസ്വർണ്ണദീപങ്ങൾ
മിന്നിമിന്നിമയങ്ങവേ;
പാട്ടിനൊപ്പിച്ചെൻ ചേടികൾ വീണ
മീട്ടിമീട്ടിയിരിക്കവേ;
പച്ചവില്ലീസൊഴുകിയെന്മെയ്യിൽ
കൊച്ചലകളിളകിയും
മാറിലാ ലോലരത്നമാലകൾ
മാരിവില്ലൊളിവീശിയും;
അങ്ങയെക്കാൺകെക്കൺകളിലെനി-
യ്ക്കംഗജവ്യഥ തങ്ങിയും
സഞ്ചിതമദമെൻതളിർച്ചുണ്ടിൽ
പുഞ്ചിരികൾ തുളുമ്പിയും;
മഞ്ജുനാദസരിത്തിൻ നൂപുര-
ശിഞ്ജിതമലിഞ്ഞങ്ങനെ
വാരിളംകുളിർച്ചെമ്പനീർപ്പൂക്കൾ
വാരിവാരി വിതറി ഞാൻ.
സ്വർഗ്ഗമാനയിച്ചങ്ങതന്മുന്നിൽ
സ്വപ്നനൃത്തങ്ങളാടിടാം.
ഇങ്ങുപോരിക, പോരികെൻ വിശ്വ-
മംഗളശ്രീ വിലാസമേ! ...

(അപൂർണ്ണം)

പ്രസാധകർ
താളിളക്കം